കൾ സംബന്ധിച്ച സമിതി കഴിഞ്ഞ ഫെബ്രുവരിയിൽ സമർപ്പിച്ചത് നിയമസഭയിൽ ലഭിച്ചുകഴിഞ്ഞു. അതുപോലെ കമ്മിറ്റി ഓൺ പബ്ലിക് അണ്ടർടേക്കിംഗ്, പ്രിവിലേജ് കമ്മിറ്റി, പരിസ്ഥിതി കമ്മിറ്റി ഇതെല്ലാം സഭയിൽ അവതരിപ്പിക്കുന്നു, പെട്ടെന്നുതന്നെ പ്രിന്റ് ചെയ്തു കിട്ടുന്നു. പക്ഷേ പട്ടികവർഗ്ഗക്കാർക്കു വേണ്ടിയുള്ള ശുപാർശ, സമിതി റിപ്പോർട്ട്, വെളിച്ചത്തുകാണാൻ വർഷങ്ങളോളം എടുക്കുന്നു. ഇത് ഈ സമൂഹത്തോടു കാണിക്കുന്ന കടുത്ത അനീതിയാണ്. This is an act of ignoring. We are ignored. We are insulted. This is a new form of untouchability. This is a clear discrimination. ഈ പട്ടികവർഗ്ഗക്കാരോട് കാണിക്കുന്ന വിവേചനമാണിത്. ബാക്കിയുള്ള എല്ലാ സമിതി റിപ്പോർട്ടും യഥാസമയം പ്രിന്റുചെയ്ത് ഹാജരാക്കുമ്പോൾ ദൗർഭാഗ്യവശാൽ നമ്മുടെ ഗവൺമെന്റ് പ്രസ്സ് എന്തോ ഇതു മാത്രം പ്രിന്റുചെയ്യാൻ മടികാണിക്കുന്നു. മനഃപൂർവ്വം താമസിപ്പിക്കുന്നതാണ്. നാം പലപ്പോഴും ആവേശം കൊള്ളാറുണ്ട്: വടക്കേ ഇന്ത്യയിൽ പട്ടികജാതിക്കാരോട് ക്രൂരത കാണിക്കാറുണ്ട്, ഇവിടെയൊക്കെ പരമസുഖമാണ്, ഇവിടെ പട്ടികജാതിക്കാർക്ക് പരമസുഖമാണ് എന്നു നാം സ്വയം മേനി പറയാറുണ്ട്. പക്ഷേ ദൗർഭാഗ്യവശാൽ ഈ മാതിരി റിപ്പോർട്ടിന്റെ കാര്യത്തിൽപോലും ഇങ്ങനെ കാണിക്കുമ്പോൾ നമുക്ക് ഊഹിക്കാവുന്നതേയുള്ളു. അതുകൊണ്ട് ഇതിന് കാരണക്കാർ ആരായാലും അന്വേഷിച്ച് ന്യായമായ നടപടിയുണ്ടാകണം. ഇത് ഒരിക്കലും ആവർത്തിക്കാൻ പാടില്ല. അങ്ങയുടെ ഭാഗത്തുനിന്ന് റൂളിംഗ് ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

## റൂളിംഗ്

മി. സ്പീക്കർ : ഡോ. എം.എ. കുട്ടപ്പൻ ഇവിടെ നൽകിയ ഒരു നോട്ടീസിന്റെ അടിസ്ഥാനത്തിൽ ഒരു പ്രാഥമികാന്വേഷണം നടത്തിയിട്ടുണ്ട്. സംസ്ഥാനത്തെ അംബേദ്കർ കോളനികളുടെ വികസനത്തെ സംബന്ധിച്ച റിപ്പോർട്ടാണ്. അതാണ് 10-ാമത് റിപ്പോർട്ട്; അത് 21.7.93-ൽ സഭയിൽ സമർപ്പിച്ചു. ആ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പാക്കുന്നതിനായി പ്രസ്തുത റിപ്പോർട്ടിന്റെ ടൈപ്പ് ചെയ്ത കോപ്പി 7.9.93-ൽ ഗവൺമെന്റിന് അയച്ചുകൊടുത്തു. അടുത്ത 11-ാമത് റിപ്പോർട്ട് 29.3.94-ൽ സഭയിൽ സമർപ്പിച്ചു. അതിന്റെ ശുപാർശകൾ നടപ്പിലാക്കുന്നതിന് 16.4.94-ൽ സർക്കാരിന് അയച്ചുകൊടുത്തു. ഈ രണ്ടു റിപ്പോർട്ടുകളുമാണ് അങ്ങ് ചൂണ്ടിക്കാണിച്ചത്. ഇത് ഒരുവിഭാഗത്തോട് പ്രത്യേകം കാണിച്ച ഒരു കാര്യമായിട്ട് ചെയർ കാണുന്നില്ല. ഈ രണ്ടു റിപ്പോർട്ടുകളുമല്ലാതെ വേറെയും കാണുമെന്ന് ചെയർ കരുതുന്നു. ഈ രണ്ടു റിപ്പോർട്ടുകളും പ്രിന്റു ചെയ്ത കോപ്പികൾ വിതരണം ചെയ്തതിൽ അസാധാരണമായ കാലതാമസം ഉണ്ടായിട്ടുണ്ട്. അതിന്റെ പ്രാഥമിക അന്വേഷണം നടത്തിയിട്ടുണ്ട്. അതുപോര എന്ന്കണ്ടുകൊണ്ട് വിശദമായ ഒരു അന്വേഷണം കൂടി നടത്തി വീഴ്ചവരുത്തിയവരുടെ പേരിൽ മാതൃകാപരമായ നടപടി സ്വീകരിക്കുന്നതാണ്.

### (2) നിയമസഭാമന്ദിരത്തോടനുബന്ധിച്ച് പ്രസ്സ് ആരംഭിക്കണമെന്നാവശ്യം

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഇവിടെ ഡോ. എം.എ. കുട്ടപ്പൻ പറഞ്ഞ കാര്യം അങ്ങ് അംഗീകരിച്ചത് നല്ലതാണ്. അതുപോലെ വേറെയും ഉണ്ടാകാൻ സാദ്ധ്യതയുണ്ടെന്ന് അങ്ങ് പറഞ്ഞു. ഈ അസംബ്ലി പ്രോജക്ടിന്റെ ഭാഗമായിത്തന്നെ നമുക്ക് പ്രസ്സ് വേണമെന്ന് അന്നുതന്നെ തീരുമാനം ഉണ്ടായിരുന്നു. ഇതിനെല്ലാമുള്ള ഒരു പ്രതിവിധി, ഇതിന് ഒരു പ്രസ്സ് ഉണ്ടാവുക എന്നുള്ളതാണ്. അതുകൊണ്ട് അങ്ങ് ഈ കാര്യത്തിൽ ശ്രദ്ധിച്ച് ഈ ലെജിസ്ലേച്ചറിന്റെ കീഴിൽ ഒരു പ്രസ്സ് ഉണ്ടാക്കാനുള്ള നടപടി കൈക്കൊള്ളണം.

LIBRARY ARCHIVES Kerala Legislative Assembly